(ബി) സ്ഫോടക വസ്തുക്കൾ അനധികൃതമായി സംസ്ഥാനത്തേക്ക് കടത്തി കൊണ്ടുവരുന്നത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് സ്ഫോടക വസ്തുക്കൾ വൻതോതിൽ വിതരണം നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) സംസ്ഥാനത്ത് ഇടതുപക്ഷ തീവ്രവാദ സംഘടനകളുടെയും ചില മത മൗലീകവാദ സംഘടനകളുടെയും പ്രവർത്തനങ്ങൾ ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും, സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചും സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നുണ്ട്. ചാര പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലഭിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മതതീവ്രവാദ സംഘടനകളുടെ പ്രവർത്തനം തടയാൻ നടപടി

8. [*8] ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
,, വി. കെ. സി. മമ്മത് കോയ :
,, എം. വി. ഗോവിന്ദൻ മാസ്റ്റർ :
,, മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഫോടക വസ്തുക്കളും മാരകായുധങ്ങളും മറ്റും വൻതോതിൽ കേരളത്തിലേക്ക് കടത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേരളത്തിന്റെ വടക്കൻ ജില്ലകളിൽ പാക്കിസ്ഥാൻ ചാര സംഘടനയായ ഐ. എസ്. ഐ. പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന ദക്ഷിണേന്ത്യൻ കരസേനാ മേധാവിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് മത തീവ്രവാദ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; മത തീവ്രവാദ സംഘടനകളുടെ പ്രവർത്തനം ശക്തിപ്പെടുന്നുവെന്ന രഹസ്യാന്വേഷണ ഏജൻസികളുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 1-1-2006-ൽ കോഴിക്കോട്, കെ. എസ്. ആർ. ടി. സി. ബസ്സ്റ്റാന്റിൽ നിന്നും പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ നിലയിൽ 45 കമ്മഴ്സ്യൽ ജലാറ്റിൻ സ്റ്റിക്കുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിനെക്കുറിച്ചുള്ള ലോക്കൽ പോലീസിന്റെ അന്വേഷണം തുടരുന്നു.

(ബി) കോഴിക്കോട് സംഭവവുമായി ബന്ധപ്പെട്ട് ക്രൈം 3/2006 എക്സ്പ്ലോസീവ്സ് ആക്ട് സെക്ഷൻ 5 പ്രകാരം കേസെടുത്ത് (നടക്കാവ് പി. എസ്.) അന്വേഷണം നടത്തി വരുന്നു.

(സി) പത്രമാധ്യമങ്ങൾ വഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതുവരെയുള്ള അന്വേഷണങ്ങളിൽ പ്രസ്തുത പ്രസ്താവനയിൽ പറഞ്ഞ പ്രകാരമുള്ള വിവരങ്ങൾ ഒന്നും കിട്ടിയിട്ടില്ല.

(ഇ) സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് വഴിയും മില്ലാ സ്പെഷ്യൽ ബ്രാഞ്ചുകൾ വഴിയും മതതീവ്രവാദ സംഘടനകളുടെ പ്രവർത്തനം സംബന്ധിച്ച് നിരീക്ഷണം നടത്തിവരുന്നു.

മതതീവ്രവാദ സംഘടനകളുടെ പ്രവർത്തനം ശക്തിപ്പെടുന്നുവെന്ന ഹൈസ്പാ ന്വേഷണ ഏജൻസികളുടെ ഒരു റിപ്പോർട്ടും ലഭിച്ചിട്ടില്ല.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

9. [*9] ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ. പി. മോഹനൻ :
,, സി. കെ. നാണു :
,, എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ പിന്നോക്ക സമുദായ പ്രാതിനിധ്യത്തെക്കുറിച്ച് പഠിക്കാൻ ജസ്റ്റിസ് നരേന്ദ്രൻ ചെയർമാനായ കമ്മീഷനെ എന്നാണ് നിയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) എന്നാണ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്;

(സി) കമ്മീഷന്റെ നിഗമനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ നിഗമനങ്ങളുമുസരിച്ച് സംസ്ഥാന സർക്കാർ സർവ്വീസിൽ വേണ്ടത്ര പ്രാതിനിധ്യമില്ലെന്ന് കണ്ടെത്തിയിട്ടുള്ള പിന്നോക്ക ജനവിഭാഗങ്ങൾക്ക് ആ പ്രാതിനിധ്യക്കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിക്കാൻ പോകുന്ന നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly